# മാസ്റ്റർ പ്ലാൻ

## 2025



# ST. MARY'S GIRLS HIGH SCHOOL
# KOZHENCHERRY

## SUB DISTRICT – KOZHENCHERRY
## DISTRICT - PATHANAMTHITTA

# ആമുഖം

പുതിയ അറിവ്, പെരുമാറ്റങ്ങൾ, കഴിവുകൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ, മുൻഗണനകൾ എന്നിവ നേടിയെടുക്കുന്ന പ്രക്രിയയാണ് പഠനം. പഠനം എന്നത് മാറ്റത്തിലേക്കു നയിക്കുന്ന പ്രക്രിയയാണ്. പുതിയ അധ്യയന വർഷത്തിൽ ഒട്ടേറെ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. ഭാഷ, ഗണിതം, സയൻസ്, സോഷ്യൽ സയൻസ്, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയവയ്ക്ക് ഒട്ടേറെ പഠന പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമല്ല ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് അവസരമൊരുക്കാൻ കഴിയും. പ്രതീക്ഷയുണർത്തുന്നതും പ്രചോദനാത്മകവുമായ ഹ്രസ്വകാല, ദീർഘകാല പ്രവർത്തനങ്ങൾ ഈ മാസ്റ്റർ പ്ലാനിലുണ്ട്.

കുട്ടി ആരോഗ്യത്തോടെ വളരുക, നല്ല നിലയിൽ പഠിക്കുക, മികവാർന്ന വ്യക്തിയായും സമൂഹജീവിയായും വികസിക്കുക എന്നത് ഏത് രക്ഷിതാവിന്റെയും അധ്യാപകന്റെയും ആഗ്രഹവും ലക്ഷ്യവുമാണ്. എല്ലാവിധ നൈപുണികളും നേടി മികവാർന്ന വ്യക്തിയായി തീരാൻ ഈ മാസ്റ്റർ പ്ലാൻ സഹായകരമായിതീരും. അധ്യാപനം രസകരമാക്കുന്ന പ്രവർത്തനങ്ങൾ ഇതിലൂടെ രൂപപ്പെടും.

# ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാകായിക പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- പാർശ്വവൽക്കരിക്കപ്പെടുന്നവർക്ക് പ്രത്യേക പരിഗണന നല്കുന്നു.
- വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിൽ ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന പ്രവർ സംഘടിപ്പിക്കുന്നു.
- ലബോറട്ടറി, ലൈബ്രറി കമ്പ്യൂട്ടർ എന്നിവ എല്ലാം എല്ലാ വിദ്യാർത്ഥികൾക്കും പ്രാപ്യമാകുകയും പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് പരമാവധി വികാസം സാധ്യമാകുന്ന വിധത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

# U.P Science

## Academic Master Plan

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | കണ്ടറിയുക.<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കാവുകൾ സന്ദർശനം. | അക്കാദമിക വർഷം |
| | പരീക്ഷണക്കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ |
| 2. ശാസ്ത്രപ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കാണാനും അവയെ പറ്റി പഠിക്കാനും സാധിക്കുക. | മാസ്റ്റർ മൈൻഡ്<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | |
| 3. | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര ചുവർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം. |
| 3. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം. |

# U.P English
## Academic Master Plan

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | June |
| | Follow Me If you can - ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | July |
| | Role play- അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണങ്ങൾ അവതരിപ്പിക്കുവാനുള്ള അവസരം | August |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I Too Can - വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ തെറ്റു കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | July |
| | Questioning the Text - പാഠഭാഗത്തിൽ നിന്നും ചോദ്യങ്ങൾ കണ്ടെത്തി ഓരോ കുട്ടിയും ചോദ്യങ്ങൾ ക്ലാസിൽ ചോദിക്കാൻ അവസരം. | മാസം തോറും |
| 3) തെറ്റു കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets :- മിനി ഡിക്ഷനറി തയ്യാറാക്കുന്നു. | വർഷാവസാനം |
| | പുതിയ വാക്കിൽ നിന്നും വാക്യങ്ങൾ സൃഷ്ടിക്കാനും അതിൽ നിന്നും ഒരു ഖണ്ഡിക എഴുതുവാനും അവസരം. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | അഞ്ചാം ക്ലാസ്സിൽ കഥ പറയൽ, വാക്യം എഴുതുക, പുതിയ വാക്കുകൾ പഠിക്കുക എന്നിവയും.<br>ആറാം ക്ലാസ്സിൽ കഥ എഴുത്ത്, വർണ്ണനാ എഴുതുക.<br>ഏഴാം ക്ലാസിന് കവിതയുടെ സംഗ്രഹം എഴുതുക എന്നിവ ചെയ്യുവാൻ സഹായിക്കുന്നു.<br>-വിവിധ ഇംഗ്ലീഷ് വീഡിയോകൾ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. | മാസം തോറും. |

# HS English - Academic Master plan

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English class<br>English library നവീകരണം<br>English Assembly<br>English Corner Story line | അവധിക്കാലം, ശനിയാഴ്ചകൾ |
| 2) ഇംഗ്ലീഷിലെ ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary Script തയ്യാറാക്കുന്നതിന് വേണ്ടി English Cinema കളുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു | ക്ലാസ് റൂം പ്രവർത്തനങ്ങൾക്കൊപ്പം. |
| 3) സ്വതന്ത്ര വായനക്ക് സജ്ജരാക്കുക സ്വതന്ത്രമായ ഉപയോഗത്തിന് സജ്ജരാക്കുക | അക്ഷരകാർഡ്, പദകാർഡ് വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ<br>ചിത്രവായന, ലഘുകഥാവായന, പത്രവായന, വാർത്തകൾ തയ്യാറാക്കൽ, അസംബ്ലി ന്യൂസ് വായന | അക്കാദമിക വർഷം.<br>ക്ലാസ് റൂം പ്രവർത്തനങ്ങൾ. |
| 4) നാടകീകരണം | English assembly, Skit<br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Skit അവതരിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങൾ |
| 5) കവിതാലാപനത്തിനും കവിതാരചനക്കും പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം<br>കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു.<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു | ക്ലാസ് പ്രവർത്തനങ്ങൾ |

എച്ച്.എസ്. മലയാളം. / U.P

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| 1 ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് | • പ്രീ. ടെസ്റ്റ് • അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിന് • കഥ പറയാം എഴുതാൻ | ജൂൺ ജൂലായ് ആഗസ്റ്റ് | ഭാഷാ ധ്യാപകർ | SRG PTA SSA, DIET SCERT |
| 2 വായനയുടെ വിവിധ തലം പരിചയപ്പെടുന്നതിന് | ക്ലാസ് ലൈബ്രറി ആസ്വാദനക്കുറിപ്പ് വായനക്കുറിപ്പ് – പത്രം ഒരു പഠനോപാധി. | ഒരു വർഷം | ലൈബ്രറി അദ്ധ്യാപകർ | " |
| 3. സർഗ്ഗാത്മക ശേഷി വളർത്തുക | ചുമർ പത്രിക, രചനശില്പശാല കഥരചന ക്യാമ്പ്, കവിതരചന എഴുത്തുകൂട്ടം. | " | വിദ്യാരംഗം | |
| 4. കലാപരമായി പരിപോഷണം | ഗോത്രകലകൾ, നൃത്തം ചിത്രരചന, നാടകീകരണം ICT ഉപയോഗിച്ച് സിനിമ. | 6 മാസം | അദ്ധ്യാപകർ | |
| 5. വ്യക്തിവികാസം | സെമിനാറുകൾ, അഭിമുഖങ്ങൾ സംവാദം. പാഠഭാഗങ്ങൾ നാടകമാക്കാം | | | |
| 6 കാവ്യമണ്ഡലത്തിലേക്ക് കുട്ടികൾ... | സ്കൂളിൽ വിവിധ മാഗസിൻ, സയൻസ് ഗണിതം, | Oct NOV DEC | | SRG, PTA. |
| 7 ക്വിസ് മത്സരങ്ങൾ | സ്കൂളിൽ നടക്കുന്ന എല്ലാ ക്വിസ് മത്സരങ്ങൾക്കും വിജയികളെ കണ്ടെത്തി ഉയർന്നതലത്തിൽ എത്തിക്കുന്നതിന് | 1 വർഷം | | SRG |

# ACADEMIC MASTER PLAN - MATHEMATICS

## 2025 - 2026

## Learn Math, Live Math, Love Math

### Vision

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിതശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

### Mission

× എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും, ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.

× പഠനം ആസ്വാദ്യകരവും, പ്രായോഗികവുമാക്കാൻ അക്കാദമിക, നോൺ അക്കാദമിക പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.

× ഗണിത ശാസ്ത്ര ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

ലക്ഷ്യം

പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക.

പ്രവർത്തനങ്ങൾ

ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ്ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.

ചുമതല - സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ

ലക്ഷ്യം

പത്രവായന കുട്ടികളിൽ വളർത്തുക, സമയനിർണ്ണയം നടത്തുവാൻ പഠിക്കുക എന്നീ ലക്ഷ്യം കൈവരിക്കുക.

പ്രവർത്തനങ്ങൾ

ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. പത്രവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ്, ഭൂപടം, ഗ്ലോബ്, എന്നിവ പരിചിതമാക്കുന്നു.

ലക്ഷ്യം

കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക.

പ്രവർത്തനങ്ങൾ

സാമൂഹ്യശാസ്ത്ര വിഷയാധിഷ്ഠിത പൊതുവിജ്ഞാനമേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, ചരിത്ര സിനിമ പ്രദർശനം.

കാലം - വർഷം മുഴുവനും.

ലക്ഷ്യം

സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക.

പ്രവർത്തനം

ആകാശ കാഴ്ചകൾ, കുന്നുകൾ എന്നിവ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു.

കാലം - വർഷം മുഴുവനും.

## മേഖല: അക്കാദമികം ഹിന്ദി

### പൊതുവായ ലക്ഷ്യങ്ങൾ

എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

ഒന്നിരിക്കുന്ന പഠനനേട്ടങ്ങൾ കുട്ടികൾ നേടി എന്ന് ഉറപ്പാക്കുക.
ഹിന്ദി ഭാഷാ പഠനം ലളിതവും, രസകരവും ആകർഷകരവും ആക്കുക.

കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. | പ്രീടെസ്റ്റ് നടത്തുന്നു. അക്ഷര കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. | ജൂൺ |
| അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | | ജൂലൈ |

| | | |
|---|---|---|
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മാതൃക നൽകുന്നു. വിവിധ വിഷയങ്ങളിൽ പോസ്റ്റർ തയ്യാറാക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നു. | നവംബർ |
| കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | ചെറിയ കവിതകൾ നൽകുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു. | ഡിസംബർ |

## പത്താം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഭാഷ മെച്ചപ്പെടുത്തുന്നതിനായി ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം — സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുന്നു. | ജൂൺ ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുന്നതിന് ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം നടത്തുന്നു. കുട്ടികളുടെ പങ്കാളിത്തം. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു. എല്ലാ ദിവസവും ഡയറി എഴുതുന്നു. | നവംബർ ഡിസംബർ ജനുവരി |

| | | |
|---|---|---|
| ആഴ്ചയുടെ പേരുകൾ എണ്ണം എന്നിവ ഹിന്ദിയിൽ പരിചയപ്പെടുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനനതിയതി ഹിന്ദിയിൽ എഴുതുന്നു.. | ഓഗസ്റ്റ് സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. ചെറിയ വാക്യങ്ങൾ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കൈയെഴുത്ത്, പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു. ബാല കവിതകൾ കഥകൾ തുടങ്ങിയവ വായനക്കായി നൽകുന്നു. | ഡിസംബർ, ജനവരി |

## ഒമ്പതാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക്ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ വാചകങ്ങൾ വായിക്കുവാൻ നൽകുന്നു. | ജൂൺ ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുന്നു. | ചാർട്ടുകൾ നൽകുന്നു. സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. | ഓഗസ്റ്റ് സെപ്റ്റംബർ |
| ചെറിയ ചെറിയ ശുദ്ധ വാക്യങ്ങൾ എഴുതുന്നു. | സൂചനാ ബോർഡുകൾ തയ്യാറാക്കുന്നു. | |

# ACCADEMIC MASTER PLAN

വിഷയം
Biology.

## ലക്ഷ്യം

- അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സമൃദ്ധി വീണ്ടെടുക്കൽ, പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ.
- മാലിന്യമുക്ത- ആരോഗ്യ- ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം.
- ശാസ്ത്രാഭിരുചി വളർത്താൻ ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു
- പ്രയാസമേറിയ ശാസ്ത്രപാഠഭാഗങ്ങൾ മനസ്സിലാക്കാൻ ഉതകുന്ന വർക്ക് ഷീറ്റ് തയ്യാറാക്കി ശാസ്ത്രപഠനത്തിന് താല്പര്യം വളർത്തുക

## പ്രവർത്തനങ്ങൾ

- സ്കൂൾ ക്യാമ്പസിൽ പച്ചക്കറിത്തോട്ടം, ഔഷധസസ്യത്തോട്ടം നിർമ്മാണം.
- ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.
- കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ബോധവൽക്കരണ ക്ലാസ്.
- ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്.
- സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്.
- ഭിന്നശേഷിക്കാർക്ക് വേണ്ടി വർക്ക് ഷീറ്റ് തയ്യാറാക്കൽ
- മോഡൽ നിർമ്മാണം. മനുഷ്യന്റെ അവയവവ്യവസ്ഥ.
- പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ, സ്മാർട്ട് സംവിധാനങ്ങൾ പരീക്ഷണങ്ങൾ എന്നിവ ഉപയോഗിച്ച് തയ്യാറാക്കൽ

## ചുമതല

അധ്യാപകർ, Science club,

## കാലഘട്ടം.

→ ഒരു വർഷം
→ ഒന്നാം ടേം.
→ രണ്ടാം ടേം.
→ എല്ലായ്പ്പോഴും.

സയൻസ് / H.S

ലക്ഷ്യം

1. കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം ഇവ പരിപോഷിപ്പിക്കുക

2. ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക.

3. ശാസ്ത്രാവബോധം വളർത്തുക.

4. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.

5. ശാസ്ത്ര ലാബ് സജ്ജീകരിക്കുക.

6. ICT പ്രയോജനപ്പെടുത്തുക.

| ലക്ഷ്യം | പഠനപ്രവർത്തനം | കാലാവധി/ ചുമതല. |
|---|---|---|
| കൗതുകം ജിജ്ഞാസ, നിരീക്ഷണ പാടവം ഇവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്കു മുന്നിൽ കുട്ടികൾ കാണിച്ചു നൽകുന്നു | സയൻസ് അധ്യാപകർ / വർഷം മുഴുവൻ |
| ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുന്നു. | field trip, അടിസ്ഥാന ശാസ്ത്ര മേള, സെമിനാർ Exhibition ഇവ സംഘടിപ്പിക്കുന്നു. | പ്രവൃത്തികാലം / സയൻസ് അധ്യാപകർ PTA. |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുന്നു | ഭക്ഷ്യമേളകൾ സംഘടിപ്പിക്കുന്നു. ക്യാമ്പസിൽ നിരോധിത ക്യാമ്പസ് വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നു. | |
| അന്വേഷണ ത്വര വർധിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. | Quiz, Seminar എന്നിവ സാങ്കേതിക വിദ്യ പരിചയപ്പെടുന്നു. | സയൻസ് അധ്യാപകർ (June - Nov) |

| | | |
|---|---|---|
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | ICT സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. | അധ്യാപകർ / അക്കാദമിക വർഷം. |
| | | |

# Non Academic Activities

JUNE - ഗണിത ക്ലബ് ഉദ്ഘാടനം

. Problem of the week . Maths Bulletin Board

. June 19 - Pascal ജന്മദിനാചരണം.

JULY - Maths Talent Test. ഗണിതമേള - work-shop

AUGUST - ഗണിത ക്വിസ് മത്സരം, ഗണിത മാഗസിൻ. Peer Tutoring - Teach a topic

SEPTEMBER - സ്കൂൾ ഗണിതമേള. Sep-5 Teachers Day. കുട്ടി ടീച്ചർ.

October - സബ്ജില്ല ഗണിതമേളക്ക് കുട്ടികളെ സജ്ജമാക്കുക

NOVEMBER - November-4, ശകുന്തള ദേവി.

DECEMBER - ദേശീയ ഗണിതദിനം (December-22) ആഘോഷം.

JANUARY - പോസ്റ്റർ നിർമ്മാണം.

FEBRUARY - Pi- ചരിത്രവും, പ്രാധാന്യവും പ്രോഗ്രാം.

# ആരോഗ്യ കായിക വിദ്യാഭ്യാസം.

ലക്ഷ്യം.

- കായിക പരിശീലനം കാര്യക്ഷമമാക്കി ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുക.

ഉപജില്ലാ - ജില്ലാ സംസ്ഥാന മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കി ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കൽ | രാവിലെയും, വൈകുന്നേരവും പരിശീലനങ്ങൾ<br>കായികക്ഷമതയും മികവും കണ്ടെത്തുന്നതിന് വിവിധ മത്സരങ്ങൾ.<br>പ്രഥമ ശുശ്രൂഷ എങ്ങനെയെല്ലാം എന്നതിന് പ്രത്യേക പരിശീലനം. | ആഴ്ചയിൽ മൂന്നുദിവസം. | കായികാധ്യാപകൻ.<br>PTA |
| ഉപജില്ലാ - ജില്ലാ സംസ്ഥാന മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കിയെടുക്കൽ | തെരഞ്ഞെടുക്കുന്നവർക്ക് ഒഴിവുദിന പരിശീലനങ്ങൾ<br>ലഘുഭക്ഷണം നൽകൽ | അവധിദിനങ്ങളിൽ | കായികാധ്യാപകൻ<br>PTA, പൂർവ്വ വിദ്യാർത്ഥികൾ |

നൂതന പ്രവർത്തനങ്ങൾ

x. ഓരോ ക്ലാസിലും Loudspeaker സ്ഥാപിക്കുന്നു

* വൃക്ഷങ്ങൾ ഉം ചുറ്റുമതിലുകൾ സ്ഥാപിക്കുക

* Class room വരാന്ത ഇവിടെ ടൈലുകൾ പാകുക.

* Spoken English class സംഘടിപ്പിക്കുക

* ശ്രദ്ധചേലുള്ള പിന്നാക്കക്കാർക്കായുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.

* കെട്ടിടങ്ങൾക്ക് അറ്റകുറ്റ പണികൾ നടപ്പാക്കുക.

* Dry day ആചരിക്കുക.

* ശുചിത്വ പ്രവർത്തനം നടത്തുക.

* പ്ലാസ്റ്റിക് രഹിത ക്യാമ്പസ് സ്ഥാപിക്കുക.

* പൂന്തോട്ടം നിർമ്മിക്കുക.

* ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നു

* മൾട്ടിമീഡിയ സൗകര്യങ്ങൾ ഒരുക്കുന്നു.

* ദിനാചരണങ്ങൾ സമുചിതമായി ആഘോഷിക്കുന്നു.

* പ്രഗത്ഭരുടെ ക്ലാസുകൾ നടത്തുന്നു

* പഠനയാത്രകൾ സംഘടിപ്പിക്കുന്നു.

* Class PTA സജീവമാക്കുന്നു.